**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1712** **15-03-2022 - ൽ മറുപടിയ്ക്ക്**

**ഐ.എച്ച്.ആർ.ഡി. യിലെ സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഐ.എച്ച്.ആർ.ഡി.യിലെ നിലവിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ ശാശ്വതമായ പദ്ധതികൾ രൂപികരിക്കുമോ; ഐ.എച്ച്.ആർ.ഡി.യുടെ ഘടന പുനസംഘടിപ്പിക്കുമോ; | (എ) | ഐ.എച്ച്.ആർ.ഡി.യിലെ നിലവിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നത് സംബന്ധിച്ചും ഐ.എച്ച്.ആർ.ഡിയുടെ ഘടന പുന:സംഘടിപ്പിക്കുന്നത് സംബന്ധിച്ചുമുള്ള വിഷയങ്ങൾ സർക്കാർ പരിശോധിക്കുന്നതാണ്. |
| (ബി) | ഐ.എച്ച്.ആർ.ഡി.യിലെ എ.ഐ.സി.ടി.ഇ. ശമ്പളസ്കെയിൽ പറ്റുന്നവരിൽ 137 പേർ യോഗ്യതാമാനദണ്ഡങ്ങളിൽ പ്രശ്നങ്ങൾ ഉള്ളവരാണോ; യോഗ്യതയില്ലാത്തവരെ നോൺ-എഞ്ചിനീയറിംഗ് കോളേജ് സ്കീമിലേക്ക് (സ്റ്റേറ്റ് സ്കെയിൽ) മാറ്റുമോ; അധികം നൽകിയ തുക തിരികെ പിടിക്കുമോ; വിശദമാക്കാമോ; | (ബി) | ഐ.എച്ച്.ആർ.ഡിയിലെ എ.ഐ.സി.ടി.ഇ ശമ്പളസ്കെയിൽ പറ്റുന്നവരിൽ 137 പേർക്ക് യോഗ്യതാ മാനദണ്ഡങ്ങളിൽ പ്രശ്നങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. AICTE നിഷ്കർഷിക്കുന്ന യോഗ്യതകൾ ഉള്ളവരെയാണ് ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജുകളിൽ അധ്യാപകരായി നിയമിച്ചിട്ടുള്ളത്. ഐ.എച്ച്.ആർ.ഡി.യിൽ നടന്ന 2011-12 സാമ്പത്തിക വർഷത്തിലെ AG ഓഡിറ്റിൽ ഐ.എച്ച്.ആർ.ഡി.യിലെ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർക്ക് AICTE/UGC ശമ്പള നിർണ്ണയം നടത്തിയതുമായി ബന്ധപ്പെട്ട ചില അപാകതകൾ ഉള്ളതായി റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ വെളിച്ചത്തിൽ വിശദമായ പരിശോധന നടത്തുന്നതിനായി ഐ.എച്ച്.ആർ.ഡി.യുടെ ഭരണസമിതി ഒരു സെൻട്രലൈസ്ഡ് സെൽ രൂപീകരിക്കുകയുണ്ടായി. എഞ്ചീനീയറിംഗ് കോളേജ് അദ്ധ്യാപകരുടെ സർവ്വീസ് ബുക്കുകൾ പരിശോധിച്ച കമ്മിറ്റി, 137 അദ്ധ്യാപകരുടെ ശമ്പളം നിർണ്ണയിച്ചില്ല. അതിനുള്ള വിവിധ കാരണങ്ങൾ സൂചിപ്പിച്ചവയിൽ ഒന്ന് ടി അദ്ധ്യാപകരുടെ, ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജ് സർവ്വീസിലേയ്ക്ക് പ്രവേശിക്കുന്നതിന് മുൻപുള്ള നോൺ-എഞ്ചിനീയറിംഗ് കോളേജ് സർവ്വീസ് എല്ലാം തന്നെ എഞ്ചിനീയറിംഗ് കോളേജ് സർവ്വീസ് ആയി AICTE ശമ്പള നിർണ്ണയത്തിന് പരിഗണിക്കാൻ കഴിയുമോ എന്ന കാര്യത്തിൽ തീരുമാനം എടുക്കാൻ കഴിയുന്നില്ല എന്നതാണ്. ഇക്കാര്യത്തിൽ വ്യക്തത |

| | | | |
|---|---|---|---|
| | | | വരുത്തുന്നത് സംബന്ധിച്ച് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച കത്തിന്മേൽ 26.11.2021-ലെ ജെ1/145/2016/ഉ.വി.വ കത്ത് പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. തുടർന്ന് ഐ.എച്ച്.ആർ.ഡി.യിലെ AICTE/UGC ശമ്പളം വാങ്ങുന്ന മുഴുവൻ അദ്ധ്യാപകരുടേയും ശമ്പള നിർണ്ണയം സർക്കാർ നിർദ്ദേശത്തിനനുസരിച്ച് നടത്തുന്നതിനായി 24/01/2022-ലെ G.O (Rt.) No.133/2022/H.EDN ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയിലെ അംഗങ്ങൾ താഴെപ്പറയുന്നവരാണ്. 1. Vice Chancellor, APJAKTU or nominee-(Chairman) 2. DTE or nominee - (Member) 3. DCE or nominee - (Member) 4. The Additional Secretary, Higher Education Department - (Member) 5. Administrative Officer, IHRD - (Convenor) എന്നാൽ ഇതു സംബന്ധിച്ച് ശ്രീ. സുനിൽ കുമാർ, ശ്രീ. മിനു കെ.കെ മുതലായവർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P (C) No. 5258/2022, W.P (C) No. 5261/2022 എന്നീ കേസുകളിന്മേൽ ബഹു. ഹൈക്കോടതി ഇതിന്മേലുള്ള തുടർ നടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്. സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പരിശോധനയ്ക്കായി സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; അംഗങ്ങൾ ആരൊക്കെയാണ്; റിപ്പോർട്ട് സമർപ്പിക്കാൻ കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; | (സി) | ഐ.എച്ച്.ആർ.ഡിയിലെ എ.ഐ.സി.ടി.ഇ ശമ്പളസ്കെയിൽ പറ്റുന്നവരിൽ 137 പേർക്ക് യോഗ്യതാ മാനദണ്ഡങ്ങളിൽ പ്രശ്നങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. AICTE നിഷ്കർഷിക്കുന്ന യോഗ്യതകൾ ഉള്ളവരെയാണ് ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജുകളിൽ അധ്യാപകരായി നിയമിച്ചിട്ടുള്ളത്. ഐ.എച്ച്.ആർ.ഡി.യിൽ നടന്ന 2011-12 സാമ്പത്തിക വർഷത്തിലെ AG ഓഡിറ്റിൽ ഐ.എച്ച്.ആർ.ഡി.യിലെ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർക്ക് AICTE/UGC ശമ്പള നിർണ്ണയം നടത്തിയതുമായി ബന്ധപ്പെട്ട ചില അപാകതകൾ ഉള്ളതായി റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ വെളിച്ചത്തിൽ വിശദമായ പരിശോധന നടത്തുന്നതിനായി ഐ.എച്ച്.ആർ.ഡി.യുടെ ഭരണസമിതി ഒരു സെൻട്രലൈസ്ഡ് സെൽ രൂപീകരിക്കുകയുണ്ടായി. എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടെ സർവ്വീസ് ബുക്കുകൾ പരിശോധിച്ച കമ്മിറ്റി, 137 അദ്ധ്യാപകരുടെ ശമ്പളം നിർണ്ണയിച്ചില്ല. അതിനുള്ള വിവിധ കാരണങ്ങൾ സൂചിപ്പിച്ചവയിൽ ഒന്ന് ടി അദ്ധ്യാപകരുടെ, ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജ് സർവ്വീസിലേയ്ക്ക് |

| | | | |
|---|---|---|---|
| | | | പ്രവേശിക്കുന്നതിന് മുൻപുള്ള നോൺ-എഞ്ചിനീയറിംഗ് കോളേജ് സർവ്വീസ് എല്ലാം തന്നെ എഞ്ചിനീയറിംഗ് കോളേജ് സർവ്വീസ് ആയി AICTE ശമ്പള നിർണ്ണയത്തിന് പരിഗണിക്കാൻ കഴിയുമോ എന്ന കാര്യത്തിൽ തീരുമാനം എടുക്കാൻ കഴിയുന്നില്ല എന്നതാണ്. ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നത് സംബന്ധിച്ച് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച കത്തിന്മേൽ 26.11.2021-ലെ ജെ1/145/2016/ഉ.വി.വ കത്ത് പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. തുടർന്ന് ഐ.എച്ച്.ആർ.ഡി.യിലെ AICTE/UGC ശമ്പളം വാങ്ങുന്ന മുഴുവൻ അദ്ധ്യാപകരുടേയും ശമ്പള നിർണ്ണയം സർക്കാർ നിർദ്ദേശത്തിനനുസരിച്ച് നടത്തുന്നതിനായി 24/01/2022-ലെ G.O (Rt.) No.133/2022/H.EDN ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയിലെ അംഗങ്ങൾ താഴെപ്പറയുന്നവരാണ്. 1. Vice Chancellor, APJAKTU or nominee-(Chairman) 2. DTE or nominee - (Member) 3. DCE or nominee - (Member) 4. The Additional Secretary, Higher Education Department - (Member) 5. Administrative Officer, IHRD - (Convenor) എന്നാൽ ഈ സംബന്ധിച്ച് ശ്രീ. സുനിൽ കുമാർ, ശ്രീ. മിനു കെ.കെ മുതലായവർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P (C) No. 5258/2022, W.P (C) No. 5261/2022 എന്നീ കേസുകളിന്മേൽ ബഹു. ഹൈക്കോടതി ഇതിന്മേലുള്ള തുടർ നടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്. സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | യോഗ്യതാമാനദണ്ഡങ്ങളിൽ പ്രശ്നമുണ്ടെന്ന റിപ്പോർട്ട് ഐ.എച്ച്.ആർ.ഡി. ഡയറക്ടർക്ക് ലഭിച്ചത് എന്നാണ് എന്ന് വ്യക്തമാക്കാമോ; നിലവിലെ ഡയറക്ടർ നിയമിതനായ രീതിയും എക്സ്റ്റൻഷൻ ലഭിച്ച കാലയളവുകളും വ്യക്തമാക്കാമോ; നിലവിലെ ഡയറക്ടർ മേൽ സൂചിപ്പിച്ച 137 പേരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ? | (ഡി) | കാലാകാലങ്ങളിൽ AICTE നിഷ്കർഷിക്കുന്ന യോഗ്യതകൾ ഉള്ളവരെയാണ് അധ്യാപകരായി എഞ്ചിനീയറിംഗ് കോളേജുകളിൽ നിയമിച്ചിട്ടുള്ളത്. ഐ.എച്ച്.ആർ.ഡി.യിൽ നടന്ന 2011-12 സാമ്പത്തിക വർഷത്തിലെ AG ആഡിറ്റിൽ ഐ.എച്ച്.ആർ.ഡി യിലെ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർക്ക് AICTE/UGC ശമ്പള നിർണ്ണയം നടത്തിയതുമായി ബന്ധപ്പെട്ട ചില അപാകതകൾ ഉള്ളതായി റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ വെളിച്ചത്തിൽ വിശദമായ പരിശോധന നടത്തുന്നതിനായി ഐ.എച്ച്.ആർ.ഡി.യുടെ ഭരണസമിതി ഒരു സെൻട്രലൈസ്ഡ് സെൽ രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് 19.02.2014-ൽ ഐ.എച്ച്.ആർ.ഡി. ഡയറക്ടർക്ക് ലഭിക്കുകയുണ്ടായി. ഡയറക്ടറുടെ നിയമനത്തിനുള്ള വിജ്ഞാപനം 21/07/2015-ലെ |

| | | | |
|---|---|---|---|
| | | | വിജ്ഞാപനം നം. 6662/J1/2015/HEDN പ്രകാരം സർക്കാർ പുറപ്പെടുവിക്കുകയും 05/06/2015-ലെ ജി.ഒ. (ആർ.ടി) നമ്പർ.1404/2015/ഉ.വി.വ പ്രകാരം ഇത് സംബന്ധിച്ച് സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. 29.02.2016-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്) നമ്പർ. 61/2016/ ഉ.വി.വ പ്രകാരം ഡോ.പി.സുരേഷ് കുമാറിനെ ഡയറക്ടറായി 3 വർഷക്കാലയളവിലേയ്ക്ക് നിയമിച്ചിരുന്നു. തുടർന്ന് 01.02.2019-ലെ ജി.ഒ. (ആർ.ടി) നമ്പർ. 167/2019/ ഉ.വി.വ ഉത്തരവ് പ്രകാരം ടിയാന്റെ നിയമന കാലാവധി 01.03.2019 മുതൽ 3 വർഷക്കാലയളവിലേയ്ക്ക് കൂടി ദീർഘിപ്പിക്കുകയും അതിനുശേഷം 28.02.2022-ലെ ജി.ഒ. (ആർ.ടി) നമ്പർ. 334/2022/ഉ.വി.വ പ്രകാരം ടിയാന്റെ കാലാവധി 31.05.2022 വരെ ദീർഘിപ്പിക്കുകയും ചെയ്തു. മേൽ സൂചിപ്പിച്ച 137 പേരുടെ ലിസ്റ്റിൽ നിലവിലുള്ള ഡയറക്ടറുടെ പേരും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഡയറക്ടർ ഡോ. പി. സുരേഷ് കുമാറിന്റെ പേരിലുണ്ടായിരുന്ന AG യുടെ ഓഡിറ്റ് objection 2017-18 സാമ്പത്തിക വർഷത്തിൽ AG ഡ്രോപ്പ് ചെയ്യുകയുണ്ടായി. ഇപ്പോൾ ഡയറക്ടറുടെ നിയമനവുമായോ ശമ്പളനിർണ്ണയവുമായോ ബന്ധപ്പെട്ട് AGയുടെ യാതൊരു objection ഉം നിലവിലില്ല. |

സെക്ഷൻ ഓഫീസർ